**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** **04-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യ്ക്ക് സ്വന്തമായി സെക്ഷൻ ഓഫീസ് കെട്ടിടം, സബ്സ്റ്റേഷനുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ഇ.ബി.എൽ--ന് സ്വന്തമായി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആയതിന്റെ ലോഡ് ഫ്ലോ സ്റ്റഡി (LFS) നടത്തിയതിന് ശേഷം സാങ്കേതികമായി നടപ്പാക്കാവുന്നതാണ് എന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത സബ്സ്റ്റേഷന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും ബോർഡിൽ നിന്ന് ലഭ്യമാകുന്നതോടൊപ്പം പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. നടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുത്തതിനു ശേഷം സബ്സ്റ്റേഷന്റെ നിർമ്മാണം കോൺട്രാക്ട് വ്യവസ്ഥയിലൂടെ ആരംഭിക്കുന്നതാണ്.<br><br>സ്വന്തമായി സ്ഥലമുള്ള ഇടങ്ങളിൽ വൈദ്യുതി ബോർഡിന്റെ അനുവാദത്തോടെ ആണ് സെക്ഷൻ ഓഫീസിനു വേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. |
| (ബി) | അത്തരം കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭൂമി വിലകൊടുത്ത് വാങ്ങാറുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങളും മുൻഗണനകളും വിശദമാക്കുമോ; | (ബി) | സബ്സ്റ്റേഷനും ആയതിന്റെ കെട്ടിടങ്ങളും മറ്റും നിർമ്മിക്കുന്നതിന് വേണ്ടതായ ഭൂമി വില കൊടുത്ത് വാങ്ങാറുണ്ട്. പ്രസ്തുത ഭൂമി വാങ്ങുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കാറുള്ളതാണ്.<br><br>സബ്സ്റ്റേഷനും മറ്റും നിർമ്മിക്കുന്നതിന് വേണ്ടതായ ഭൂമി ലഭ്യമാകുന്നതിന് വേണ്ടി മാധ്യമങ്ങളിലൂടെ "Expression of interest" ക്ഷണിക്കുകയും സ്ഥലം നൽകാൻ തയ്യാറാകുന്ന ഉടമസ്ഥരിൽ നിന്നും ആയതിന്റെ വിവരങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ സ്വീകരിക്കുകയും ചെയ്യും. അതിനുശേഷം ലഭിച്ച സ്ഥലങ്ങളുടെ ഒരു സാങ്കേതിക പഠനവും താരതമ്യ പഠനവും നടത്തി ഏത് സ്ഥലമാണ് കൂടുതൽ അനുയോജ്യമായത് എന്ന് കണ്ടെത്തുകയും അങ്ങനെ കണ്ടെത്തിയ സ്ഥലത്തിന്റെ ശരിയായ രേഖകൾ പ്രസ്തുത സ്ഥല ഉടമസ്ഥന്റെ കയ്യിൽ നിന്ന് ശേഖരിച്ച് ആയത് കെ.എസ്.ഇ.ബി.എൽ-ന്റെ സ്റ്റാൻഡിംഗ് |

| | | | |
|---|---|---|---|
| | | | കൗൺസിലിന് സമർപ്പിക്കുകയും അവരിൽ നിന്ന് ഒരു ലീഗൽ ഒപ്പീനിയൻ എടുക്കുകയും ചെയ്യും. അതിനുശേഷം മേൽ പ്രസ്താവിച്ചിട്ടുള്ള ഡോക്യുമെന്റുകൾ എല്ലാം തിരുവനന്തപുരത്ത് കെ.എസ്.ഇ.ബി.എൽ-ന്റെ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ വിഭാഗത്തിന് കൈമാറുകയും അവരുടെ പക്കൽ നിന്ന് ലീഗൽ ഒപ്പീനിയൻ ലഭിച്ചതിനു ശേഷം പ്രസ്തുത വിവരങ്ങളും താരതമ്യ പഠന റിപ്പോർട്ടും, ഇതോടൊപ്പം സ്ഥല ഉടമസ്ഥൻ ആവശ്യപ്പെടുന്ന സ്ഥലവിലയും, പ്രസ്തുത സ്ഥലത്തിന്റെ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ന്യായവിലയും ആയതിന്റെ യഥാർത്ഥ മാർക്കറ്റ് വിലയും കണ്ടെത്തി ആയത് എല്ലാം കൂടി ബോർഡിന്റെ പരിഗണനയിലേക്ക് സമർപ്പിക്കുകയും ബോർഡിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത രേഖകൾ പവർ സെക്രട്ടറിക്ക് സമർപ്പിക്കുകയും അവിടെ നിന്ന് പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ട Administrative Sanction ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ലഭിക്കുകയും ചെയ്താൽ പ്രസ്തുത സ്ഥലം ജില്ലാ കളക്ടർ വഴി റവന്യൂ വിഭാഗത്തിന്റെ സഹായത്തോട് കൂടി LARR Act-2013-ലൂടെ സ്ഥലം ഏറ്റെടുക്കും. ഇതാണ് സാധാരണ ഒരു സ്ഥലം ഏറ്റെടുക്കുമ്പോൾ പാലിക്കാറുള്ള നടപടിക്രമങ്ങൾ. |
| (സി) | തളിപ്പറമ്പ് മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സ്ഥലം ലഭ്യമാവുകയാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ തയ്യാറാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ